KERALA INFRASTRUCTURE AND TECHNOLOGY FOR EDUCATION



little KITEs





# മഴവില്ല് (Rainbow)

ST.THOMAS HIGH SCHOOL KALLARA
ESTD.1955
Pro Deo et Populo.






"ഞാൻ എന്റെ സ്കൂളിനെയും
സ്കൂൾ എന്നെക്കുറിച്ചും അഭിമാനിക്കുന്നു"

# Our prayer of wisdom

ശാന്തിക്കായ് പ്രാർഥിക്കുന്നീശ്വരാ നിൻമക്കൾ-
ക്കാശ്വാസമേകുവാൻ വന്നിടുനീ
വിദ്യാവരങ്ങൾക്കായ് കൈകൂപ്പിനിൽക്കുന്ന
സർവവിജ്ഞാനത്തിൻ ഉറവിടമേ...
പലവർണ്ണപ്പൂക്കൾ നിറഞ്ഞൊരീയാരാമം
തലതാഴ്ത്തിനിൽപ്പൂനിൻ ആശസ്സിനായ്
പലവർണ്ണപ്പൂക്കൾ നിറഞ്ഞൊരീയാരാമം
തലതാഴ്ത്തിനിൽപ്പൂനിൻ ആശസ്സിനായ്
വരണേനീഞങ്ങളെ പരിപാലിച്ചീടുവാൻ
തരണേ വരങ്ങൾ നിരന്തരംനീ
വരണേനീഞങ്ങളെ പരിപാലിച്ചീടുവാൻ
തരണേ വരങ്ങൾ നിരന്തരംനീ
ശാന്തിക്കായ് പ്രാർഥിക്കുന്നീശ്വരാ നിൻമക്കൾ-
ക്കാശ്വാസമേകുവാൻ വന്നിടുനീ
വിദ്യാവരങ്ങൾക്കായ് കൈകൂപ്പിനിൽക്കുന്ന
സർവവിജ്ഞാനത്തിൻ ഉറവിടമേ...



# ആശംസ

കല്ലറ സെന്റ് തോമസ് ഹൈസ്കൂളിലെ ലിറ്റിൽകൈറ്റ്സിൽ അംഗങ്ങളായ കുട്ടികൾ അവരുടെ പ്രവർത്തന മികവിന്റെ പ്രകാശനമായി ഒരു ഡിജിറ്റൽ മാഗസിൻതയ്യാറാക്കിയിരിക്കുകയാണ്.പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി വിദ്യാർത്ഥികളിൽ കമ്പ്യൂട്ടർസാക്ഷരത പരിപോഷിപ്പിക്കുന്നതിന് സർക്കാരിന്റെ ഭാഗത്ത്നിന്ന് സവിശേഷമായ പ്രോത്സാഹനം ലഭിക്കുന്നുണ്ട്.

കുട്ടികളിലെ സർഗ്ഗശേഷി കമ്പ്യൂട്ടർ സാങ്കേതികവിദ്യയുടെ സഹായത്തോടെ വിഭിന്നങ്ങളായ ഭാവനകളിൽ ആവിഷ്ക്കരിക്കുന്നത് ആസ്വാദകരെ നൂതനമായ രസാനുഭൂതി തലങ്ങളിലേക്ക് ഉയർത്തുമെന്നതിൽ മലയാളം കമ്പ്യൂട്ടിങ്ങ് ,ഡി.റ്റി.പി, ആനിമേഷൻ, പ്രോഗ്രാമിങ്ങ് തുടങ്ങിയ മേഖലകളിൽ കുട്ടികളുടെ പ്രാവീണ്യം വർദ്ധിപ്പിക്കുവാനും, കഴിവ് തെളിയിക്കുവാനും ഇത്തരം സംരംഭങ്ങൾ ഉപകരിക്കും.ഈ ഡിജിറ്റൽ മാഗസിന് എല്ലാവിധ മംഗളങ്ങളും നേരുന്നു.

മാത്യൂസ് ജെറി
ഹെഡ്മാസ്റ്റർ

# ഉള്ളടക്കം


കവിതകൾ.......7

നക്ഷത്രവും പൂവും.......8

നക്ഷത്രമൊന്നിനെ കാട്ടി-വാനം.......8

വിശ്വം ദീപമയം.......9

.......10

എങ്ങു പോയ് നീ.......10

ചങ്ങലകൾ.......12

മാതൃസ്നേഹം.......13

മഴയേ മഴയേ പാഞ്ഞുവരൂ.......14

സൗന്ദര്യലഹരി.......15

അമ്മ.......18

മനുഷ്യകഥാനുഗായികൾ.......19

കഥകൾ.......20

മഞ്ഞ്പെയുന്ന രാത്രി.......21

വജ്രക്കള്ളൻ.......25

സാംസ്കാരിക.......30

നായകർ.......30

ഇടശ്ശേരി ഗോവിന്ദൻ നായർ.......31

ഉള്ളൂർ എസ്. പരമേശ്വരയ്യർ.......32

ഇളംകുളം കുഞ്ഞൻപിള്ള.......33

.......34

എം പി പോൾ.......34

കുട്ടികൃഷ്ണമാരാര്.......35

.......36

ജോസഫ് മുണ്ടശ്ശേരി.......36

സഞ്ജയൻ.......37

വെണ്ണിക്കുളം ഗോപാലകുറുപ്പ്..........38
പ്രമുഖ വ്യക്തികൾ..........39
ജവഹർലാൽ നെഹ്റു..........40
മദർ തെരേസ..........42
..........43
ബോധേശ്വരൻ..........43
ശാസ്ത്രപ്രതിഭകൾ..........45
എ.പി.ജെ.അബ്ദുൾ കലാം..........46
FAMOUS SCIENTISTS..........47
ആൽബർട്ട് ഐൻസ്റ്റീൻ..........51
ഐസക് ന്യൂട്ടൻ..........52
കായിക..........53
വിഭവങ്ങൾ..........53
CRICKET PLAYER..........54
LIONEL MESSI..........57
..........58
ശിഖർ ധവാൻ..........58
സച്ചിൻ രമേഷ് ടെൻഡുൽക്കർ..........59
പണിപ്പുരയിൽ..........61

# കവിതകൾ



## നക്ഷത്രവും പൂവും

നക്ഷത്രമൊന്നിനെ കാട്ടി-വാനം
മുക്കുറ്റിയോടുചോദിച്ചു:
ഉണ്ടോ ഒരെണ്ണമിവ്വണ്ണം നിന-
ക്കെന്നോടു മത്സരം കൂടാൻ?
താണുപോയല്ലോ ശിരസ്സ് ചെടി-
ക്കീറനായല്ലോ മിഴികൾ
ഇല്ലായ്മ സമ്മതിക്കു
കാന്തിയെങ്ങും ചിമ്മുമ്പോൾ-വേറെ
വല്ലായ്മയെന്തുള്ള പാരിൽ?
അന്നേരമുണ്ടോ ശിരസ്സിൽ-ഒരു
കുഞ്ഞുപൂവിന്റെ വിരിയൽ!
രത്നം പതിച്ചതുപോലെ-അതിൻതാരുന്നു!
കണ്ണഞ്ചുമാറായി വ്യോമം-മണ്ണി-
ലിത്രയുണ്ടാവുമോ ചന്തം?
നക്ഷത്രമെത്ര നിസ്സാരം-ഇതാ
ഭൂമിയിലെ പൊന്നുതാരം!
അത്രയും താഴമയിൽ നിന്നേ-
വരു ഇത്രയ്ക്കഴക പൂവിന്നും!

# വിശ്വം ദീപമയം

മാലുള്ളതാണീ മഹിയെന്നുവെച്ചു

മാഴ്കുന്നതെന്തിന്നു മനുഷ്യരേ  നാം?

തൻസൃഷ്ടിയിൽപെട്ടോരതിന്നുമീശൻ

സ്ഥാനത്തെ നൽകേണ്ടതു ധർമ്മമല്ലേ?

കൈവിട്ടുപൊയ്പ്പോയ്     പകലെന്നുവെച്ചു

കണ്ണീരൊലിപ്പിച്ചോരു കാര്യമുണ്ടോ?

വരേണ്ടതല്ലേ നിശയും നമുക്കു

വപുസ്സിനുത്ഥാനമുഷസ്സിലേകാൻ?

ഇനൻ പൊലിഞ്ഞാലുഡുപംക്തിയൊക്കെ-

ണ്ടിരുട്ടുതൽക്കാലമകറ്റിയീശൻ

അടഞ്ഞ കൺ നമ്മൾ തുറന്നിടുംമുൻ-

പദ്ദീപമേകുന്നു കൊളുത്തി വീണ്ടും.വേലയ്ക്കു

ദീപപ്രഭയത്ര വേണം;

 വിശ്രാന്തികൊള്ളുന്നതിനിത്രപോരും;

അതായിരിക്കാം     പൊരുളാപ്രവൃത്തി-


ക്കജൻ ഹിതം മർത്യനറിഞ്ഞു ചെയ്യോൻ.

വിളക്കു കത്തിപ്പതിനന്തിയായാൽ

മിന്നാമിനുങ്ങും ത്വരയാർന്നിരിക്കേ

ദീനത്വമെന്തിന്നു നമുക്കുമാത്രം

തീക്കോലുരയ്ക്കാൻ  തിരിയിൽക്കൊളുത്താൻ.



മഴവില്ല്

## എങ്ങു പോയ് നീ

എങ്ങുപോയ് നീ
ആരോരുമറിയാതെ
എവിടെ പോയ് മറഞ്ഞൂ നീ
ഒരു കൊച്ചു കാറ്റുപോലും അറിയാതെ.........
സൂര്യൻ പോലും കാണാതെ.......
വസന്തകാലം പോലും മാഞ്ഞേപോയ്
നിൻ വരവിനിയും കാത്തുകൊണ്ട്
ഭൂമിയെങ്ങോ കാത്തിരിക്കുന്നു.
പുൽനാമ്പുകളും പൂക്കളുമെല്ലാം
കാത്തിരിക്കുന്നതു നിനക്കുവേണ്ടി.....
എങ്ങുപോയ് നീ
ആരോരുമറിയാതെ
എവിടെ പോയീ മറഞ്ഞൂ നീ
പക്ഷികളെല്ലാം പാട്ടുകൾ നിർത്തി,
കരയുകയാണവർ നിനക്കുവേണ്ടി.....

വസന്തകാലവും കാത്തിരിക്കുന്നു.....

ഭൂമിമുഴുവൻ കാത്തിരിക്കുന്നു.....

എങ്ങുപോയ്, എങ്ങുപോയ്, എങ്ങുപോയ്

മറഞ്ഞു നീ.....



## ചങ്ങലകൾ

പാവമാ മങ്കതൻ ജീവിതം

ആ ചങ്ങലകളിലമർന്നുകഴിഞ്ഞു.

തേങ്ങിയും ഞെരുങ്ങിയും നാളുകൾ നീങ്ങി

ചങ്ങലതൻനാദമോതുന്നു അവൾതൻ ദുഃഖം

തന്റെ ജീവന്റെ ഇരുളിനുള്ളിൽ

ഒതുങ്ങിക്കൂടാൻ ശ്രമിക്കുന്നു പാവം

മനുജന്റെ മിഴികൾ അവളിൽ പതിക്കുന്നില്ല

യാമിനി അവളെ ഭയപ്പെടുന്നില്ല

സൂര്യന്റെ ചൂട് അവളെ മടുപ്പിക്കുന്നില്ല

ആരുടെസന്തോഷത്തിലുംദുഃഖത്തിലുമമരാതെ

ഒറ്റയ്ക്കൊരു തണലായ് നിഴലായ് മാറുന്നു

തുരുമ്പായ ചങ്ങലയുടെ സൗഹൃദത്താൽ

ഒതുങ്ങുകയാണവളിന്ന്.

# മാതൃസ്നേഹം

അമ്മിഞ്ഞപ്പാലിൻ മാധുര്യം അന്നുനുണഞ്ഞൊരാ
സ്നേഹമന്ത്രം നാവിൻ തുമ്പത്തെ അക്ഷരദീപമായ്
അമ്മതൻസ്നേഹം നിറഞ്ഞുനിന്നമിഴിയിലെ തുള്ളികൾ
ഇറ്റിറ്റുവീഴുമ്പോൾഅമ്മയെന്നരികിൽ
അണഞ്ഞിടുന്നുതാഴത്തുവയ്ക്കാതെതലയിലുംവയ്ക്കാതെഓ
മനിച്ചോമനിച്ചെന്നെ വളർത്തി
അമ്മയെന്നുള്ള രണ്ടക്ഷരം എന്നുടെനാവിലുണർ
ത്തിച്ചതമ്മയാണെപ്രഥമവിദ്യാലയം
വീടാണെന്നറിയിച്ചലോകസാഫല്യമാണെന്റെയമ്മ
പിണങ്ങിയിരുന്നാലും  തുണയായിയെ-
ത്തുമെൻ നേർവഴികാട്ടുന്ന കൺകണ്ട ദൈവം.

അശ്വതി പി എസ്
9D

## മഴയേ മഴയേ പാഞ്ഞുവരൂ



മഴയേ മഴയേ പഞ്ഞുവരൂ
ആടിത്തുള്ളിയുലഞ്ഞുവരൂ
ആഹാ മഞ്ഞിൻ പുതപ്പിട്ട്
ഇടിയോ മഴയോ കൂടിവരൂ
രാവിൽ പുതുമഴ പെയ്യിച്ച്
ആലിപ്പഴവും പൊഴിയിച്ചിട്ട്
ഞങ്ങളെയെല്ലാം തണുപ്പിച്ച്
കൂടെ കൂടെ കടന്നുവരൂ
എവിടെ നിന്നുടെ ചങ്ങാതി
ഇടിയേ കുട്ടാ വന്നാലും
ഠേ....... ഠേ ....... ഇടിപൊട്ടി
അയ്യോ അമ്മേ ഓടിവാ
എന്നേം എടുത്തോണ്ടോടിക്കോ........!

അഞ്ജന കെ ദിനേശ്,8.C

## സൗന്ദര്യലഹരി

പച്ചിലച്ചാർത്തിൻ പഴുതിങ്കലൂടതാ കാണ്മൂ

പശ്ചിമാംബരത്തിലെപ്പനിനീർപ്പൂന്തോട്ടങ്ങൾ

ഇത്തരം സൗന്ദര്യം ഞാൻ നുകരാൻ തുടങ്ങിയി

ട്ടെത്രകാലമായെന്നാലിനിയും തീർന്നില്ലല്ലോ

ഓരോരോ ദിവസവുമത്യനർഘമായീടും

ചാരുതയൊന്നീ ലോകഗോളത്തേപ്പുതുക്കുന്നു

അല്ലെങ്കിൽ പ്രാപഞ്ചികജീവിതത്തിനെ നമ്മ

ളെല്ലാരുമിതിൻമുൻപേ വെറുത്തുകഴിഞ്ഞേനേ

പൂർവദിങ്മുഖത്തിങ്കൽ സിന്ദൂരപൂരം പൂശി-

പ്പൂവിനെച്ചിരിപ്പിച്ച വന്നെത്തും പുലരിയും;

മുല്ലമൊട്ടുകൾ വാരി വാനിങ്കൽ വിതറിക്കൊ-

ണ്ടുല്ലാസഭരിതയായണയും സന്ധ്യാശ്രീയും

വാനിലുല്ലസിച്ചീടും വാർമതിയൊഴുക്കുന്ന

പൂന്നിലാവിങ്കൽ കുളിച്ചെത്തിടും രജനിയും;

എന്തിനിപ്രകൃതിയിൽ സൗന്ദര്യമയമായു-

ള്ളെന്തും ഹാ ജീവിതത്തെ മധുരിപ്പിച്ചീടുന്നു!

കുളിർത്ത മണിത്തെന്നൽ സൗരഭോന്മാദം പൂണ്ടു

തളിർത്ത തരുക്കളെത്തഴുകിത്തളരവേ;

അന്തരംഗാന്തരത്തിലംബരാന്തത്തെയേന്തി-

ത്തൻതിരകളാൽ താളംപിടിച്ചു പാടിപ്പാടി

പാറക്കെട്ടുകൾതോറും പളുങ്കുമണിച്ചിന്നി-

യാരണ്യപ്പൂഞ്ചോലകളാമന്ദമൊഴുകവേ;

മരന്ദംതുളുമ്പുന്ന മലരിൻ ചുറ്റുംകൂടി

മുരളും തേനീച്ചകൾ പറന്നുകളിക്കവേ;

വല്ലികാനടികൾ നൽ പല്ലവാകുലമായ

ചില്ലക്കൈയ്യുകളാക്കി നർത്തനം ചെയ്തീടവേ;

അറിയാതവരോടുകൂടി നമ്മളു മേതോ

പരമാനന്ദപ്രവാഹത്തിങ്കൽ മുഴുകുന്നു.

ഈവിധം മനോഹരവസ്തുക്കളെല്ലാം നമ്മെ-

ജ്ജീവിക്കു ജീവിക്കു കെ ,ന്നുദ്ബോധിപ്പിപ്പൂ നിത്യം.



# അമ്മ



പിച്ച പിച്ച നടക്കുമ്പോളെൻ
കൂടെ നടക്കാനൊരമ്മയുണ്ടേ
ഞാനൊന്നുവീണാലെൻ കയ്യിൽ
ചുംബിച്ചിട്ട് സാരമില്ല പോട്ടെയെ-
ന്നാശ്വസിപ്പീടുമെന്നമ്മയാണേ
ഞാനൊന്നുചിരിച്ചാലെൻ കൂടെ-
യങ്ങൊന്ന് ചുമ്മാചിരിച്ചീടുമെന്നമ്മയാണേ
കാറ്റിന്റെ വേഗത്തിൽ ഞാനോടിടുമ്പോൾ
ഓടല്ലേ ഞാൻ വരാം നിൻെറ കൂടെ
എന്നോതിടുമമ്മയാണേ
ഞാൻ വസിക്കുമീ ലോകമാണേ സത്യം
ഞാനറിയുന്ന അമ്മയെന്ന സത്യം.

അഞ്ജിത കെ ദിനേശ്
8C

# മനുഷ്യകഥാനുഗായികൾ

ഗുരു ശിഷ്യർക്കു മുന്നിലെത്തി.

അന്നേരം കിളിവാതിലിലൊരു പക്ഷി

വന്നിരുന്നു.അതു പടാൻ തുടങ്ങി.

അവർ ആ പാട്ടിൽ ലയിച്ചിരുന്നു.

പക്ഷി പറന്നുപോയപ്പോൾ ഗുരു പറഞ്ഞു:

ഇനി പൊയ്ക്കോളൂ. ഇന്നത്തെ അധ്യയനം കഴിഞ്ഞു.



# കഥകൾ

## മഞ്ഞ്പെയുന്ന രാത്രി

ഹിമനിരകളുടെ താഴ്വരയിലൂടെ നടന്നു നീങ്ങുന്ന രണ്ടു പേർ. ഒന്നും സംസാരിക്കാതെ വിജനമായ പ്രദേശത്തുകൂടി അവർ നടന്നു നീങ്ങുമ്പോൾ ആരെയും ഞെട്ടിപ്പിക്കുന്ന കാഴ്ച, രണ്ട് കാൽപാദങ്ങൾ. മനുഷ്യരിൽനിന്നും മൃഗങ്ങളിൽനിന്നും വ്യത്യസ്തമായ കാലടയാളങ്ങൾ. അവർ മുന്നോട്ട് നീങ്ങും തോറും കാലടയാളങ്ങൾ വീണ്ടും വീണ്ടും കണ്ടു. പെട്ടന്ന്, ആ കാലടയാളത്തിന്റെ നടുവിൽ തിളങ്ങിനിൽക്കുന്ന നക്ഷത്രങ്ങളെ പോലെ ആരെയും ആകർഷിപ്പിക്കുന്ന ഒരു വസ്തു. അവർ അതിലേക്ക് അടുത്തു. പെട്ടന്ന് മഞ്ഞ് പെയ്യാൻ തുടങ്ങി. അവർ അത് എടുക്കാൻ അടുത്തേക്ക് ചെന്നു. അവർ അതിൽ തൊട്ടതും അതിൽ നിന്നും ഒരു രൂപം ഉയർന്നു വന്നു. പേടിച്ചുവരണ്ട അവർ പുറകോട്ട് നീങ്ങി.

തികച്ചും യാദൃശ്ചികമായ ഒരു രൂപമായിരുന്നു അത് . മനുഷ്യനും മൃഗവും ചേർന്ന ഒരു ഭയാനകമായ ശരീരം. പെട്ടന്ന് അത് അപ്രതീക്ഷമായി. ഒന്നും മനസ്സിലാക്കാതെ അവർ സ്തംഭിച്ചു നിന്നു പോയി. പെട്ടന്ന് ഒരു ഭയാനകമായ ചിരി അവരുടെ കാതുകളിൽ മുഴങ്ങി. അവർ അവിടുന്ന് നടേന്നു നീങ്ങി. അവിടെ ഒരു കോട്ട വാതിൽ അവർ കണ്ടു. അവർ അതിനുള്ളിൽ പ്രവേശിച്ചു. അവിടെ മനോഹരമായ ഒരു മഞ്ഞുകോട്ട. അവർ അതിനുള്ളിൽ കടന്നു. അവിടെ ഒരു ചിത്രം അത് ഹിമനിരയുടെ തോൽ കൊണ്ട് മൂടിയിട്ടിരുന്നു. അവർ അത് മാറ്റി. പെട്ടന്ന് അവർ അത്ഭുതപ്പെട്ടു. അവർ മുൻപുകണ്ട വിചിത്രരൂപമായിരുന്നു അത്. ആ ഭീകരചിരി അവർ വീണ്ടും കേട്ടു. എന്തിനാണ് എന്റെ കോട്ടയിൽ പ്രവേശിചത് എന്ന ചോദ്യം അവിടെയൊക്കെ ഇളക്കി മറിച്ചു. ആ രൂപം അവരുടെ അടുത്തേക്ക് വന്നു. അവർ അവിടെനിന്നും ഓടി. പെട്ടന്ന് വാതിലുകൾ അടഞ്ഞു. അവർ അവിടെ സ്തംഭിച്ചു നിന്നു.. ആ വികൃതമായ രൂപത്തോട് അവർ

അപേക്ഷിച്ചു ഞങ്ങളെ വെറുത വിടണേ എന്ന്. അപ്പോൾ അത് പറഞ്ഞു:ഞാൻ നിങ്ങളെ ഒന്നും ചെയ്യില്ല. എന്റെ ആവശ്യം പൂർത്തിയാക്കിയാൽ ഞാൻ നിങ്ങളെ വെറുതെ വിടാം. അപ്പോൾ അവർ ചോദിച്ചു; നീ ആരാണ്. അയാൾ പറഞ്ഞു; ഞാൻ നിങ്ങളെ പോലെ ഒരു മനുഷ്യനായിരുന്നു. ഞാൻ ഒരിക്കൽ ഇതുവഴി വന്നപ്പോൾ ഇവിടെ വിചിത്രമായ ഒരു പഴം കണ്ടു. ഞാൻ അത് പറിച്ചു കഴിച്ചു. അങ്ങനെ ഞാൻ ഈ രൂപത്തിലായ്. പിന്നീടൊരിക്കലും ആരും ഇതിലെ വന്നില്ല. വർഷങ്ങൾക്കു ശേഷം നിങ്ങളാണ് വന്നത്. അപ്പോൾ അവരിൽ ഒരുവൻ പറഞ്ഞു; നീ പറയുന്നത് സത്യമാണെങ്കിൽ ഞങ്ങൾ നിന്നെ രക്ഷപ്പെടുത്താം. അവർക്ക് ആ കോട്ടയിൽ നിന്ന് ഒരു പുസ്തകം കിട്ടി. ആ പുസ്തകത്തിൽ ഇതിൽ നിന്ന് എങ്ങനെ രക്ഷപ്പെടാം എന്ന് ഉണ്ടായിരുന്നു. അവർ അത് വായിച്ചുകൊണ്ടിരുന്നപ്പോൾ ആ രൂപം ക്രോധം കൊണ്ട് നിറഞ്ഞു. അവരെ കൊല്ലാൻ വന്നു. പെട്ടന്ന് അവരിൽ ഒരുവൻ തങ്ങളുടെ കൈയിൽ ഉണ്ടായിരുന്ന

ഒരു കത്തിയെടുത്ത് അതുകൊണ്ട് ആ ഭീകരന്റെ കൈവിരൽ മുറിച്ചു.പെട്ടന്ന്, അവിടമൊക്കെ ഇരുണ്ടു. ആ വികൃതരൂപം ഒരു ചെറുപ്പക്കാരനായി മാറി. ആ ചെറുപ്പക്കാരൻ തന്നെ രക്ഷിച്ചവർക്ക് നന്ദി പറഞ്ഞ് അവിടെനിന്നും പോയി. ആ രണ്ടുപേർ അവരുടെ യാത്ര തുടർന്നു. മഞ്ഞുമലയിലൂടെ അവർ നടന്നു നീങ്ങി.....

by,

ട്രീസാ മനോജ്

# വജ്രക്കള്ളൻ

വെള്ളക്കാർ ആഫ്രിക്ക ഭരിക്കുന്നകാലം ഒരു വജ്രഖനിയിലാണ് പപ്പ എന്ന വൃദ്ധൻ ജോലിചെയ്യുന്നത്. പാവം പപ്പുവിന് സംസാരിക്കാനുള്ള കഴിവില്ല. പോരാത്തതിന് പുറത്തൊരു കൂനും ഇതൊക്കെകൊണ്ടുതന്നെ വെള്ളക്കാർ തരം കിട്ടിയാൽ പപ്പുവിനെ കളിയാക്കും. "ആ കൂനനെ ക്കണ്ടില്ലേ? ജോലിയൊന്നും എടുക്കാൻ വയ്യ. എന്നിട്ടും വെറുതെകൂലി വാങ്ങാൻ വരുകയാ.... എത്രകാലം ആയി ഇത് ! പക്ഷെ പപ്പുവിന് അതൊക്കെനിസാരം. വജ്രം ജോലിക്കാർ മോഷ്ടിക്കാതിരിക്കാൻ കനത്ത കാവലുണ്ട്. ഒരു ദിവസം ജോലിക്കിടയിൽ കാണാതായി. കാവൽക്കാരക്കോപാകുലരായി.അവര് ഖനിക്കകത്തക്ക് ചെന്നുനോക്കി. പക്ഷേ, അവൻ അവിടെങ്ങുമില്ല ഹും! എല്ലാവരും ഒത്തു ചേർന്നുള്ള മോഷണമാണ്.



എല്ലാത്തിനെയും പുറത്തിറക്കി ചാട്ടവാറിനടിക്ക് എന്നാലെ സത്യം പുറത്തുവരു!! പ്രധാന കാവൽക്കാരൻ അലറി. ഉടൻ തന്നെ എല്ലാ ജോലിക്കാരും ഖനിയിൽ നിന്ന് പുറത്തിറങ്ങി. അപ്പോഴതാ വരുന്നു പപ്പു! താനൊരാൾക്കാരണം ഞങ്ങൾ എല്ലാം അടികൊള്ളാൻ പോകുകയാണ്.... ജോലിക്കാർ പപ്പുവിന് വഴക്കുപറയാൻ തുടങ്ങി. അടുത്ത നിമിഷം വലിയൊരു ശബ്ദം കേട്ട് എല്ലാവരും ഞെട്ടി. അതാ ഖനി ഇടിഞ്ഞുതാഴുന്നു! ഒരാൾ പോലും ഖനിക്കാത്തില്ല. ആർക്കും പരിക്കുകളു ഇല്ലാ. അപ്പോഴാണ് എല്ലാവർക്കും അത് മനസിലാഴത്. ഖനിയിൽ നിന്ന് ആളുകളെ പുറത്തിറക്കാൻ പപ്പു ചെയ്ത സൂത്രമയിരുന്നു അത്! ഖനി ഇടിയുമെന്ന് പപ്പുവിന് മുൻക്കുട്ടി മനസിലാക്കാൻകഴിഞ്ഞു. പപ്പു വേഗം തന്റെ സഞ്ജിയിൽ നിന്ന് വജ്രം പുറത്തെക്കെടുത്ത് കാവൽക്കാരനുനകി. അനുഭവസമ്പത്തിനോളം വരില്ല ഒന്നും! സത്യംമനസ്സിലായ പ്രധാന കാവൽക്കാരൻ പറഞ്ഞു.

## വല്യേച്ചി



അന്നാണ് ഞാൻ ആ അനാഥമന്ദിരത്തിൽ ക്യാമ്പിൽ ചികിത്സിക്കാനായി പോയത്. എല്ലാവരിൽ നിന്നും വിത്യസ്തമായ ഒരു സ്ത്രീയെ എനിക്കവിടെ കാണാൻ കഴിഞ്ഞു. ഒരാളുടെ ആശ്രയം ഇല്ലാതെ എഴുന്നേൽക്കാൻ പോലും കഴിയാതെ ആ സ്ത്രീയെ ക്കാളും എന്റെ മനസ്സിനെ വേദനിപ്പിച്ചത് അവരുടെമുൻ ജീവിതമായിരുന്നു. ആ ജീവിതകഥയിലൂടെയാണ് അത് എന്റെ സ്വന്തംകൂടെപ്പിറപ്പാണ് എന്ന് ഞാൻ അറിഞ്ഞത്. പഴയ ഓർമ്മകളെല്ലാം എന്റെ മനസ്സിലേക്ക്ഓടിയെത്തി.അച്ഛന്മരിച്ചതിനുശേഷം പറക്കമുറ്റാത്ത മൂന്നുമക്കളെ വളർത്താനായി അമ്മ ഒരുപാട് കഷ്ടപ്പാടനുഭവിച്ചു. വളരെകഷ്ട്ടപ്പെട്ട്അമ്മ ഞങ്ങളെ വളർത്തികൊണ്ടിരുന്നപ്പോഴാണ്,

ഞങ്ങളുടെ കൊച്ചനുജനു വൃക്കാരോഗം ബാധിച്ച് മരണശ്ശയ്യയിൽ ആയത്. അമ്മ തന്റെ വൃക്ക കൊച്ചനുജനു കൊടുത്ത് അവനെ പഴയ ജീവിതത്തിലേക്ക് തിരിച്ചുകൊണ്ടുവന്നു. ഒരോ ദിവസവും കഴിയും തോറും അമ്മയുടെ ആരോഗ്യം കുറഞ്ഞുവന്നു. അമ്മ സ്വയം എഴുന്നേൽക്കാൻ പോലും കഴിയാത്ത അവസ്ഥയിലെത്തി. കുറച്ചുനാളുകൾക്കു ശേഷം അമ്മ മരിച്ചു. പിന്നെ അമ്മയുടെ സ്ഥാനം വല്യേച്ചി ഏറ്റെടുത്തു. വേറെ വഴി യില്ലാതെ വല്യേച്ചി പഠിത്തം ഉപേക്ഷിച്ചു. മനസ്സിൽ തന്റെ കൊച്ചനുജന്മാർപഠിച്ചുവലിയനിലയിലെത്തണമെന്ന ആഗ്രഹം മാത്രമേ ഉണ്ടായിരുന്നൊള്ളു. ഒരു പാടു ത്യാഗം സഹിച്ച് ഞങ്ങളെ രണ്ടുപേരെയും പഠിപ്പിച്ച് വലിയ നിലയിലെത്തിച്ചു. ഞാനൊരു ഡോക്ടറും അനിയനൊരു എൻജിനീയറുമായി. വല്യേച്ചിയെ പിരിഞ്ഞ് ദൂരെ സ്ഥലങ്ങളിലായി രണ്ടാളും.

പിന്നെ കുടുംബം ജോലിത്തിരക്ക് വല്ല്യേച്ചി എന്നത് വെറും ഓർമ്മ മാത്രമായി. പിന്നെ ഞങ്ങൾ രണ്ടാളും വല്ല്യേച്ചിയെ കണ്ടിട്ടില്ല. ഇന്നാണ് വർഷങ്ങൾക്കു ശേഷം വല്ല്യേച്ചിയെ കാണുന്നത്. രണ്ടു മൂന്നു ദിവസങ്ങൾക്കു ശേഷം വല്ല്യേച്ചിയെ  എന്റെ കൂടെ കൊണ്ടു പോകാനായി ഞാൻ വീണ്ടുമാ വൃദ്ധസദനത്തിൽ പോയി. അപ്പോഴാണ് ഞാൻ അറിഞ്ഞത് അമ്മയുടെ സ്നേഹം തന്ന് ഞങ്ങളെ വളർത്തിയ വല്ല്യേച്ചി മരിച്ചുവെന്ന്. വല്ല്യേച്ചിക്കുവേണ്ടി ഒന്നും ചെയ്യാൻ കഴിഞ്ഞില്ലല്ലോ എന്ന മനോദു:ഖം എന്റെ മനസ്സിനെ വീർപ്പുമുട്ടിച്ചു. എന്നും ഒർമ്മയായി വല്ല്യേച്ചി.....

മഴവില്ല്

# സാംസ്കാരിക

# നായകർ

# ഇടശ്ശേരി ഗോവിന്ദൻ നായർ

പൊന്നാനിയിൽ ജനനം.കുട്ടകൃഷി,പുത്തൻകലവും അരിവാളും,കാവിലെപാട്ട് ,പൂതപ്പാട്ട്,ഒരുപിടിനെല്ലിക്ക,അന്തിത്തിരി,കറുത്ത ചെട്ടിച്ചികൾ എന്നിവ പ്രധാന കൃതികൾ.മലബാറിലെ കേന്ദ്ര കലാസമിതിയുടെ പ്രസിഡന്റ്,സാഹിത്യപ്രവർത്തക സഹകരണസംഘം ഡയറക്ടർ എന്നീ നിലകളിൽ പ്രവർത്തിച്ചു.കേന്ദ്ര സാഹിത്യ അക്കാദമി പുരസ്കാരം,കേരള സാഹിക്യ അക്കാദമി അവാർഡ്,ആശാൻ പ്രൈസ് എന്നിവ ലഭിച്ചിട്ടുണ്ട്.



# ഉള്ളൂർ എസ്. പരമേശ്വരയ്യർ

ചങ്ങനാശ്ശേരിയിൽ ജനനം. മഹാകവി,സാഹിത്യചരിത്രകാരൻ,ഗവേഷകൻ,നിരൂപകൻ,പത്രാധിപർ,തിരുവിതാംകൂർ ഗവൺമെൻ്റിലെ ദിവാൻ പേഷ്കാർ തുടങ്ങിയ നിലകളിൽ വ്യക്തിമുദ്ര പതിപ്പിച്ചു.ഉമാകേരളം,കേരളസാഹിത്യചരിത്രം,കർണഭൂഷണം,പിംഗള,ചിത്രശാല,താരാഹാരം,തരംഗിണി,കല്പശാഖി,അമൃതധാര,അംബ മുതലായവ പ്രധാന കൃതികൾ.



## ഇളംകുളം കുഞ്ഞൻപിള്ള


മലയാള ഭാഷയ്ക്കും ചരിത്രത്തിനും വലിയ സംഭാവനകൾ നൽകിയ പണ്ഡിതനും ഗവേഷകനും. 1904-ൽ കൊല്ലം ജില്ലയിലെ ഇളവംകുളത്ത് ജനിച്ചു.അദ്ധ്യാപകനായി സേവനമനുഷ്ഠിച്ച ഇദ്ദേഹം ചിത്രകാരനെന്ന നിലയിലാണ് ഏറെ പ്രശസ്തനായത്. കേരളചരിത്രത്തിലെ ഇരുളടഞ്ഞ ഏടുകൾ, സംസ്കാരത്തിന്റെ നാഴികക്കല്ലുകൾ, ഉണ്ണുനീലി സന്ദേശം ചരിത്രദൃഷ്ടിയിൽ കൂടി, ഭാഷയും സാഹിത്യവും നൂറ്റാണ്ടുകളിൽ,സാഹിത്യചരിത്രസംഗ്രഹം,കേരളഭാഷയുടെവികാസപരിണാമങ്ങൾ,സാഹിത്യമാലിക,ജന്മിസമ്പ്രദായംകേരളത്തിൽതുടങ്ങിയവയാണ് പ്രധാനകൃതികൾ.1973-ൽ അന്തരിച്ചു.



## എം പി പോൾ

മലയാളത്തിലെ പ്രശസ്തനായ സാഹിത്യവിമർശകൻ.1904-ൽ എറണാകുളം ജില്ലയിലെ വരാപ്പുഴയ്ക്കടുത്ത് പുത്തൻപള്ളിയിൽ ജനിച്ചു. പ്രഗൽഭനായ ഇംഗ്ലീഷ് അദ്ധ്യാപകനായിരുന്ന അദ്ദേഹം. പുരോഗമന സാഹിത്യ സംഘടനയുടെ സ്ഥാപകാധ്യക്ഷൻ, സാഹിത്യ പ്രവർത്തക സഹകരണ സംഘത്തിന്റെ ആദ്യ പ്രസിഡന്റ് എന്നീ നിലകളിൽ സേവനമനുഷ്ഠിച്ചിട്ടുണ്ട്.പാശ്ചാത്യനിരൂപണ ശൈലി മലയാളത്തിന് പരിചയപ്പെടുത്തിയ ചിന്തകനും നിരൂപകനുമായിരുന്ന അദ്ദേഹം. പ്രൗഢവും സരസവുമായ ഗദ്യ ശൈലിക്ക് ഉടമയായിരുന്നു. നോവൽ സാഹിത്യം, ചെറുകഥാപ്രസ്ഥാനം, സൗന്ദര്യ നിരീക്ഷണം, ഗദ്യഗതി, സാഹിത്യവിചാരം എന്നിവയാണ് പ്രധാനകൃതികൾ. പ്രശസ്ത നാടകകൃത്തായ സി ജെ തോമസ് അദ്ദേഹത്തിന്റെ മകളുടെ ഭർത്താവാണ്.1952-ൽ അന്തരിച്ചു.





## കുട്ടികൃഷ്ണമാരാര്

സാഹിത്യവിമർശനരംഗത്ത് തന്റേതായ വ്യക്തിത്ത്വവും സ്ഥാനവും നേടിയ നിരൂപകനാണ് കുട്ടികൃഷ്ണമാരാര്.മലപ്പുറം ജില്ലയിലെ തൃപ്പങ്ങോട്ട് 1990-ലാണ് അദ്ദേഹം ജനിച്ചത്. വിമർശനത്തെ അദ്ദേഹം സർഗ്ഗാത്മ കലയാക്കി മാറ്റി. മാതൃഭൂമിയിൽ പ്രൂഫ് റീഡറായിരുന്നു. വ്യാസഭാരതത്തിലെ കഥാപാത്രങ്ങളെയും കഥാ സന്ദർഭങ്ങളെയും വിശകലനം ചെയ്ത് അദ്ദേഹം രചിച്ച കൃതിയാണ് ഭാരതപര്യടനം. കല ജീവിതം തന്നെ എന്ന കൃതിക്ക് കേന്ദ്ര സാഹിത്യ അക്കാദമി അവാർഡ് ലഭിച്ചു.സാഹിത്യസല്ലാപം, സാഹിത്യഭൂഷണം, രാജാങ്കണം, സാഹിത്യവിദ്യ, വൃത്തശിൽപ്പം,കൈവിളക്ക്,ചർച്ചായോഗം,ദന്തഗോപുരം,ഋഷിപ്രസാദം,മലയാളശൈലി,ഭാഷാപരിചയം,ഹാസ്യസാഹിത്യം, തുടങ്ങിയവയാണ് അദ്ദേഹത്തിന്റെ മറ്റു പ്രധാന കൃതികൾ . 1973-ൽ അദ്ദേഹം അന്തരിച്ചു.

## ജോസഫ് മുണ്ടശ്ശേരി



പ്രമുഖ സാംസ്കാരികനായകനായിരുന്ന പ്രൊഫ.ജോസഫ് മുണ്ടശ്ശേരി തൃശ്ശൂരിനടുത്തുള്ള കണ്ടശ്ശാംകടവിൽ 1903 ൽജനിച്ചു.സാഹിത്യനിരൂതകൻ,അധ്യാപകൻ, വാഗ്മി,വിദ്യാഭ്യാസമന്ത്രി എന്നീ നിലകളിലെല്ലാം പ്രതിഭ തെളിയിച്ച വ്യക്തിയാണ്. കേരളത്തിലെ ആദ്യത്തെവിദ്യാഭ്യസമന്ത്രിയായിരുന്നു.കാവ്യപീഠിക, നാടകാന്തംകവിത്ത്വം,മാറ്റൊലി,വായനാശാലയിൽ, മാനദണ്ഡം, പ്രൊർ, കൊന്തയിൽനിന്നുകുരിശിലേക്ക്, പാറപ്പുറത്ത് വിതച്ച വിത്ത് തുടങ്ങിയവയാണ് പ്രധാനകൃതികൾ. കൊന്തയിൽ നിന്ന് കുരിശിലേക്ക് , കൊഴിഞ്ഞ ഇലകൾ എന്നിവ ആത്മകഥാപരമായ കൃതികളാണ്. 1977-ൽ അന്തരിച്ചു.

# സഞ്ജയൻ



മലയാളത്തിലെഹാസ്യസാഹിത്യകാരന്മാരിൽപ്രമുഖ. കവി,പത്രപ്രവര്ത്തകൻ, നിരൂപകൻ എന്നീ നിലകളിലുംപ്രശസ്തനായിരുന്നു.1903 ൽ തലശ്ശേരിയിൽ ജനിച്ചു.സഞ്ജയൻ എന്നതൂലികാ നാമമാണ്. മാണിക്കോത്ത് രാമുണ്ണിനായർ എന്നാണ് യഥാർഥ പേര്. തന്റെ കൃതികളിൽ സഞ്ജയൻ, പാറപ്പുറത്ത് സഞ്ജയൻ, പി എസ് എന്നിങ്ങനെ പല പേരിലും അദ്ദേഹം സ്വയം പരിചയപ്പെടുത്തുന്നുണ്ട്. സഞ്ജയൻ (ആറ് ഭാഗങ്ങൾ), ഹാസ്യാഞ്ജലി, സാഹിത്യനിക്ഷകം(രണ്ട്ഭാഗങ്ങൾ) , ഒഥലോ(വിവർത്തനം),തുടങ്ങിയവയാണ് പ്രധാന കൃതികൾ. സഞ്ജയോപാഖ്യാനമെന്ന കവിതയും പ്രസിദ്ധമാണ്. 1943-ൽ അന്തരിച്ചു.

## വെണ്ണിക്കുളം ഗോപാലകുറുപ്പ്


പത്തനംതിട്ട ജില്ലയിലെ വെണ്ണിക്കുളത്ത് 1902 മെയ് 10-ന് ജനിച്ചു. കവി വിവർത്തകൻ എന്നീ നിലകളിൽ പ്രശസ്തനായിരുന്ന മാണിക്യവീണ, അമൃതാഭിഷേകം,കദളീവനം,കേരളശ്രീ,ജഗത്ധമക്ഷം, കാളിദാസന്റെ കണ്മണി,തച്ചോളി ഒതേനൻ, പുഷ്പവൃഷ്ടി,മാനസപുത്രി,സരോവരം,വസന്തോത്സവം, മണിവിളക്ക്, സ്വർണ്ണസന്ധ്യ, തീർഥധാര തുടങ്ങിയവയാണ് പ്രധാനകൃതികൾ. കേന്ദ്ര കേരള സാഹിത്യ അക്കാദമി അവാർഡുകൾ, ഓടക്കുഴൽ അവാർഡ് എന്നിവ ലഭിച്ചിട്ടുണ്ട്. 1980 ഓഗസ്റ്റ് 29-ന് അന്തരിച്ചു.



# പ്രമുഖ വ്യക്തികൾ

## ജവഹർലാൽ നെഹ്റു

അലഹാബാദിൽ 1889 നവംബർ 14 ന ജനിച്ചു.ഇന്ത്യയുടെ ആദ്യത്തെ പ്രധാനമന്ത്രി. പതിനഞ്ചാം വയസ്സിൽ വിദ്യാഭ്യാസം നേടുന്നതിനായി ഇംഗ്ലണ്ടിലേക്കു പോയി. 1912 ൽ ഇന്ത്യയിൽതിരിച്ചെത്തി. സ്വതന്ത്രസമരത്തിനു നേതൃത്വം നൽകി. പല പ്രാവശ്യം ജയിലിൽ കഴിയേണ്ടി വന്നു.ഇന്ത്യയെ കണ്ടെത്തൽ, ഒരച്ഛൻ മകൾക്കയച്ചകത്തുകൾ തുടങ്ങിയവ പ്രധാന കൃതികൾ.





## ഇന്ദിരാഗാന്ധി

മാനവരാശിക്കു ലഭിച്ച ഏറ്റവും മഹത്വമുള്ള പത്തു വനിതകളെ തിരഞ്ഞെടുത്താൽ അതിലോരാൾ ഇന്ദിരാഗാന്ധി ആയിരിക്കും. ലോകത്തിലെ ഏറ്റവും വലിയ ജനാധിപത്യ രാഷ്ട്രത്തിന്റെ പതിനാല് വർഷത്തെ പ്രധാനമന്ത്രിയായിരുന്നു ശ്രീമതി ഇന്ദിരാഗാന്ധി. പ്രഥമ പ്രധാനമന്ത്രിയായിരുന്ന ജവഹർലാൽനെഹ്റുവിന്റെ ഏകമകളായിരുന്ന ഇന്ദിരാഗാന്ധി. ബംഗ്ലാദേശിന്റെ സ്വാതന്ത്ര്യം സാധ്യ- മാക്കിയത് അവരായിരുന്നു.ഉരുക്കുമുഷ്ടിയുള്ള വനിത എന്നറിയപ്പെട്ട ശ്രീമതി ഇന്ദിരാഗാന്ധിയാണ് ഭാരതജനാധിപത്യത്തിന് കളങ്കം ചാർത്തിയ അടിയന്തരാവസ്ഥ പ്രഖ്യാപിച്ചത്. പഞ്ചാബിലെ ഭീകരവാദത്തെ തുടച്ചുമാറ്റുവാൻ അവർ ധൈര്യം കാട്ടി യെങ്കിലും അതേ സംഭവത്തിന്റെ പേരിൽ ആ ധീര വനിതയെ രണ്ട് അംഗരക്ഷകർ ചേർന്ന് വെടി വെച്ചുകൊന്നു

മീര മധു **8B**



## മദർ തെരേസ

മാനവസേവ,ഈശ്വരസേവയാണെന്ന്തിരിച്ചറിഞ്ഞ്പാവപ്പെട്ടവർക്കായിജീവിച്ചവനിതയായിരുന്നുമദർതെരേസ.പത്തൊൻപതാംവയസ്സിൽ ഇന്ത്യയിലെത്തിയ മദർ മരണം വരെ തൻെറ കർമ്മഭൂമിയായി കണ്ടത് ഭാരതത്തെ ആയിരുന്നു. 'മിഷനറീസ് ഓഫ് ചാരിറ്റി'എന്ന സന്യാസിനീ സഭ രൂപീകരിച്ചുകൊണ്ട് മിഷനറി പ്രവർത്തനത്തിന് സന്മനസുള്ള ആയിരക്കണക്കിന് സഹോദരിമാരെയാണ് അമ്മ രംഗത്തിറക്കിയത്.ഓടയിൽ ഉപേക്ഷിക്കപ്പെട്ട കുരുന്നു ജന്മങ്ങൾക്കായി ശിശുഭവനം രോഗികൾക്കും മരണാസന്നർക്കുമായി നിർമ്മൽഹൃദയഭവനം കൽക്കട്ടയിൽ ഉയർന്നുവന്നു. ചേരികളിലെ വിശുദ്ധയായി അറിയപ്പെട്ട അമ്മയെ തേടി കരുണ തേടുന്നവർക്കൊപ്പം സമാധാനത്തിനുള്ള നോബൽ സമ്മാനവുമെത്തി. പരമോന്നത ബഹുമതിയായ ഭാരതരത്നം നൽകി ഭാരതസർക്കാരും മദർതെരേസയെ ആദരിച്ചു.



## ബോധേശ്വരൻ

സ്വാതന്ത്ര്യസമരസേനാനിയും കവിയുമായിരുന്ന ബോധേശ്വരൻ 1901-ൽ നെയ്യാറ്റിൻകരയിൽ ജനിച്ചു.കേശവനെന്നായിരുന്നു ആദ്യപേര്.ആര്യസമാജം,ബ്രഹ്മസമാജം,ശ്രീരാമകൃഷ്ണ മിഷൻ തുടങ്ങിയ പ്രസ്ഥാനങ്ങളിൽ നിന്ന് ആവേശം ഉൾക്കൊണ്ട് സാമൂഹികനവോത്ഥാനപ്രവർത്തനങ്ങളിൽ പങ്കാളിയായി.ബോധേശ്വരൻ രചിച്ച കേരളഗാനത്തെ 2014 നവംബർ 1-ന് കേരളത്തിന്റെ സാംസ്കാരികഗാനമായി പ്രഖ്യാപിച്ചു. പ്രസിദ്ധ കവയിത്രി സുഗതകുമാരിഇദ്ധേഹത്തിന്റെമകളാണ്.ആദർശരാമം,ഹൃദ യാങ്കുരം,സ്വാതന്ത്ര്യകേരളം എന്നിവയൊക്കെയാണ് പ്രധാനകൃതികൾ. 1990-ൽ അന്തരിച്ചു.


## സാമുവൽ ഹാനിമാൻ

ഹോമിയോപ്പതി ചികിത്സാരീതിയുടെ ഉപജ്ഞാതാവായ ജർമ്മൻ ഭിഷഗ്വരൻ വൈദ്യശാസ്ത്രത്തിൽ ബിരുദം നേടി . ആരോഗ്യവാനായ ഒരാളിൽ രോഗലക്ഷണങ്ങൾ ഉളവാക്കുന്ന ഒരു വസ്തുവിന് രോഗിയായ ഒരാളിൽ അതുപോലുള്ള ലക്ഷണങ്ങൾ സുഖമാക്കാനും കഴിയുമെന്ന് ഹാനിമാൻ വിശ്വസിച്ചു. ഒരു രോഗത്തിനു മാത്രമേ ഒരു സമയം ചികിത്സ വിധിക്കാവൂ എന്നായിരുന്നു ഹാനിമാന്റെ നിലപാട്.



ജിസ്ബിൻ ഷാജി
8E

# ശാസ്ത്രപ്രതിഭകൾ



# എ.പി.ജെ.അബ്ദുൾ കലാം

ഇന്ത്യയുടെ പതിനൊന്നാമത് രാഷ്ട്രപതിയായിരുന്ന അവുൽ പകിർ ജൈനുലബ്ദീൻ അബ്ദുൽ കലാം എന്ന ഡോ.എ.പി.ജെ അബ്ദുൽ കലാം. പ്രശസ്തനായ മിസൈൽ സാങ്കേതിക വിദഗ്ധനും എഞ്ചിനിയറുമായിരുന്ന ഇദ്ദേഹം. തമിഴ്നാട്ടിലെ രാമേശ്വരത്ത് ജനിച്ച ഇദ്ദേഹം ബഹിരാകാശ എൻജിനീയറിംഗ് പഠനത്തിനുശേഷം പ്രതിരോധഗവേഷണ വികസന കേന്ദ്രം [DRDO] ബഹിരാകാശ ഗവേഷണ കേന്ദ്രം [ISRO] തുടങ്ങിയ ഗവേഷണ സ്ഥാപനങ്ങളിൽ ഉന്നതസ്ഥാനങ്ങൾ വഹിച്ചിരുന്നു. മിസ്സൈൽ സാങ്കേതികവിദ്യയിൽ അദ്ദേഹത്തിന്റെ സംഭാവനകൾ കണക്കിലെടുത്ത് ഇന്ത്യയുടെ മിസ്സൈൽ മനുഷ്യൻ എന്ന് കലാമിനെ വിശേഷിപ്പിച്ചു. 2002 ൽ അദ്ദേഹം ഇന്ത്യയുടെ രാഷ്ട്രപതിയായി ചുമതലയേറ്റു .'ജനങ്ങളുടെ രാഷ്ട്രപതി' എന്ന പേരിൽ പ്രശസ്തനായ അദ്ദേഹം 2007 ജൂലൈ 25 ന് സ്ഥാനമൊഴിഞ്ഞ ശേഷം തന്റെ ഇഷ്ട മേഖലകളായ അധ്യാപനം,എഴുത്ത്, പ്രഭാഷണം,പൊതുജനസേവനം തുടങ്ങിയവയിൽ ശ്രദ്ധ കേന്ദ്രീകരിച്ചു. 2015 ജൂലൈ 27 ന് 84 വയസ്സിൽ അദ്ദേഹം അന്തരിച്ചു.

അതുല്യ സന്തോഷ്
VIII C

മഴവില്ല്


# FAMOUS SCIENTISTS

## ALFRED NOBEL



Alfred Bernhard Nobel was born on October 21,1833.Swedish Chemist Engineer and industrialist Who invented dynamite and other more powerful explosives and who also founded the noble prize. He died december10,1896 in San Bemo, Italy.

## THOMAS ALVA EDISON



Inventor Thomas Edison created such great Innovation as the practical incandescent electric light bulb and the Phonograph. A savvy businessman he help more than 1000 patents for his inventions.

## WILLIAM HARVEY




William Harvey was the first person to correctly describe blood circulate on in the body he showed that arteries and vein from a complete circuit the circuit starts at the heart and leads back to the Hearts regular contractions drive the flow of blood around the whole body.

## WILBUR WRIGHT




Wilbur and Orville Wright were American inventors and Pioneers of aviation in 1903 the Wright brother achieved the first powered sustained and controlled air plane flight. They surpassed their own milestone two years later when they built and flew the first fully practical air plane.

## SIR ISAAC NEWTON



Isaac Newton the English mathematician and physicist who revolutionized scientific thinking through his theories. He discovered the law of gravity and three laws of motion still used today. He was the first person to split white light into the colours of the spectrum.

## JAMES WATT



James watt the Scottish engineer and the inventor after whom the watt as the unit of power is named. He made Substantal improvements to the steam engine invented by Newcomen watts work helped to bring about the industrial revolution in British.

## CHANDRASEKHARA VENKITARAMAN



Chandrasekhara Venkitaraman, Indian physicist who was born in Tiruchirapalli Tamilnadu. His work in optics and scattering of light recieved world wide recognition and he was elected to the royal society of London in 1974.the British made him a knight of their in 1929.the following year he was awarded the Nobel prize for his work popularity known as the Raman effect.

## MARIE CURIE



Marie Curie the polish born physicist famous on her work on radio activity. She was the first to use the term radioactive for Sabasation that emit the invisible form of radiations. She also isolated two new radioactive elements polonium and radium. She was awarded the Nobel prize for physics in 1903 and for chemistry in 1911




## G. Marconi

Italian inventor and engineer Guglielmo Marconi developed and marked the first successful long distance wireless telegraph and in 1901 broadcast the first transatlantic radio signal. He was born on1874.His company's Marconi radios ended the isolation of ocean travel and saved hundreds of lives including all of the surviving passengers from the sinking titanic in 1909. He shared the Nobel prize in physics for his radio work. He passed away on 1937.


മഴവില്ല്

# ആൽബർട്ട് ഐൻസ്റ്റീൻ

ജർമൻ ഭൗതികശാസ്ത്രജ്ഞനായ ഇദ്ദേഹത്തിൻെറ പ്രസിദ്ദമായ സിദ്ധാന്തമാണ് വിശേഷ ആപേക്ഷികതാ സിദ്ധാന്തം. ദ്രവ്യവും ഊർജവും തമ്മിലുള്ള ബന്ധം കാണിക്കുന്ന സമവാക്യമായ $E=mc^2$ ഇതിൽ നിന്നും ഉടലെടുത്തതാണ്. ന്യൂട്ടോണിയൻ ഭൗതിക ശാസ്ത്രത്തിന് പരിവർത്തനം വരുത്തിയത് ഐൻസ്റ്റീനാണ്. ഫോട്ടോ ഇലക്ട്രിക് പ്രഭാവം വിശദീകരിച്ചതിന് 1921 ലെ ഊർജതന്ത്രത്തിനുള്ള നോബേൽ സമ്മാനം ഇദ്ദേഹത്തിനു ലഭിച്ചു.



ഏബൽ ഷിബു
VIII E



## ഐസക് ന്യൂട്ടൻ

ബ്രിട്ടീഷ് ഭൗതിക ഗണിത ശാത്രജ്ഞൻ. ഗുരുത്വാകർഷണ നിയമത്തിന്റ പിതാവ് .ചലനിയമങ്ങളുടെ ഉപജ്ഞാതാവ് ഫിലൊസോയഫിയ നാച്വറാലിസ് പ്രിസിപ്പിയാ മാത്മാറ്റിക്കാ (philosophiae naturalis principa mathamatica) എന്ന ഗ്രന്ഥം 1687 ൽ ന്യൂട്ടൻ പ്രസിദ്ധീകരിച്ചു. 1703 ൽ ന്യൂട്ടൻ റൊയൽ സൊസൈറ്റിയുടെ അധ്യക്ഷനായി. 1704 ൽ പ്രകാശതിൽ താൻ നടത്തിയ ഗവേഷണങ്ങൾ ക്രൊഡീകരിച്ച് ഓപ്റ്റിക്സ് (optics) എന്ന ഗ്രന്തം ന്യൂട്ടൻ പ്രസിദ്ധീകരിച്ചു.1705 ൽ അദ്ദേഹത്തിനു സർ സ്ഥാനം നൽകപ്പെട്ടു.

ബെഞ്ചമിൻ ജോമി ജെയിംസ്

VIII E

മഴവില്ല്

# കായിക

# വിഭവങ്ങൾ



# CRICKET PLAYER

## Sachin Ramesh Tendulkar

The full name of sachin is Sachin Ramesh Tendulkar. He born on 24thApril 1973 in Mumbai, Maharashtra. He is a former of Indian cricket and captain of the Indian cricket team. He is widely regarded as one of the greatest batman in the history of cricket. He is the highest run score of all time in international cricket. His height1.65m. His career on 16 November 2013. His wife named Anjali Tendulkar. He is the man who got the BHARATH RATNA and still alive.



## Virat Kohli

Virat Kohli born in 5th November 1988 is an Indian cricketer who currently captain the Indian national team. Kohli captain India under-19 WORLD CUP in Malaysia, and a few months later, made his ODI debut for India

against Sri Lanka at the age of 19. Virat is the first player in ICC cricket history to win all 3 ICC award in a single year. He is rated as one of the best batman in the world.



M.S. Dhoni

Mahendra Singh Dhoni or M.S. Dhoni is one of the most popular Indian cricketers putting his great leadership skills to test, he served in the former captain of the Indian national cricket team.



Hardhik Pandya

Hardhik Pandya is an Indian international cricketer who play for Baroda in domestic cricket and Mumbai Indians in the Indian premier league. He is an all rounder who bats right handed and bowls right arm fast medium. He is the younger brother of Krunal Pandya.



## Rohit Uurunyah Sharma

Rohit Uurunyah Sharma is an Indian cricket player. Rohit is also the captain of IPL team Mumbai Indians. Sharma currently hold the record for highest individual score in one day internationals. He score a record 264 off 178 balls against Sir Lanka on November 13-2014. Rohit is also the only player to score two double centuries in one day internation. He is also the only person to score 250$^{th}$ in ODI inning.

BY-

Akshay Anil

# LIONEL MESSI



Lionel Andres Messi is an Argentine professional football player who plays as a forward and captains both Spanish club Barcelona and the Argentina national team of ten considered the best player in the world and widely regarded as one of the greatest players all the time. Messi has a record – tying six Ballon de or awards, four OFV which he spent his entire professional football career with Barcelona where he has won a club-record,34 trophies including 10 la ligea titles, 4 UEFA champions league title and 6 Copas del rey. A prolific goal Screr and a creative playmaker. Messi holds the records for the most goals in la liga and European season, most hat-tricks in the UEFA champions league and most assists in la liga and the copa America. He has scored 698 senior career goals for club and country.



# ശിഖർ ധവാൻ

ഡൽഹിയിൽ നിന്നുള്ള ഇന്ത്യൻ ക്രിക്കറ്ററാണ്ശിഖർ ധവാൻ. ജനനം-1985 ഡിസംബർ 5. അക്രമണോത്സുകനായ ഇടം കൈയ്യൻ ഓഫ്സ്പിൻ ബൗളറുമാണ് ശിഖർ ധവാൻ. തന്റെ ആദ്യത്തെ അന്താരാഷ്ട്ര ഏകദിന മത്സരം 2010-ലും ആദ്യ ടെസ്റ്റ് മത്സരം 2013-ലുമാണ് ശിഖർ ധവാൻ കളിച്ചത്.ആഭ്യാന്തര ക്രിക്കറ്റിൽ ഡൽഹി ടീമിന് വേണ്ടിയാണ് ശിഖർ കളിക്കുന്നത്. ഇന്ത്യൻ പ്രീമിയർ ലീഗിൽ 2008-ൽ ശിഖർ ഡൽഹി ഡെയർഡെവിൾസിനു വേണ്ടിയും 2011-2012 വർഷങ്ങളിൽ ഡെക്കാൻ ചാർജേഴ്സ് ടീമിനു വേണ്ടിയും കളിച്ചു. ഡെക്കാൻ ചാർജേഴ്സിനെ ഇന്ത്യൻ പ്രീമിയർ ലീഗിൽ നിന്നും പുറത്താക്കിയ ശേഷം 2013-മുതൽ സൺ റൈസേഴ്സ് ഹൈദ്രാബാദ് ടീമിന് വേണ്ടി കളിക്കുന്നു.

അമൽജിത്ത് എം എസ്

## സച്ചിൻ രമേഷ് ടെൻഡുൽക്കർ

ജനനം ഏപ്രിൽ 24 , 1973 മുംബൈ, മഹാരാഷ്ട്ര, ഇന്ത്യ. ഇന്ത്യയിൽ നിന്നുള്ള മുൻ ക്രിക്കറ്റ് താരവും, ലോകം കണ്ട ഏറ്റവും മികച്ച ക്രിക്കറ്റുകളിക്കാരിൽ ഒരാളും ഇന്ത്യയിലെ ഒരു പാർ ലമെന്റ് മെമ്പറുമാണ്. 2002 ൽ ക്രിക്കറ്റ് ലോകത്തെ ആധികാരിക മാസികയായ വിസ്ഡൺ മാസിക ഡോൺ ബ്രാഡ്മാനു ശേഷം ക്രിക്കറ്റ് ലോകം കണ്ട ഏറ്റവും മികച്ച രണ്ടാമത്തെ ക്രിക്കറ്റ് പ്രതിഭയായും മികച്ച രണ്ടാമത്തെ ഏകദിന ക്രിക്കറ്റുകളിക്കാരനായും ടെണ്ടുൽക്കറെ തിരഞ്ഞെടുത്തു. വിവ് റിച്ചാർഡ്സ് ആയിരുന്നു പ്രധമസ്ഥാനത്ത്. അന്താരാഷ്ട്ര ക്രിക്കറ്റിൽ നൂറു ശതകങ്ങൾ തികച്ച ആദ്യത്തെ കളിക്കാരനാണ് സച്ചിൻ. 2012 മാർച്ച് 16-നു ശേഷം ധാക്കയിലെ മിർ പൂരിൽ ബംഗ്ലാദേശിനെതിരെ നടന്ന ഏഷ്യാ കപ്പ് ഗ്രൂപ്പ് ഏകദിന മത്സരത്തിലാണ് സച്ചിൻ തന്റെ നൂറാം ശതകംതികച്ചത്.

ടെസ്റ്റ്ക്രിക്കറ്റിലും ഏകദിന ക്രിക്കറ്റിലുംമായി നിരവധി റെക്കോർഡ്ഡുകൾ സച്ചിന്റെ പേരിലുണ്ട്. ഏകദിന ക്രിക്കറ്റിലും ടെസ്റ്റ് ക്രിക്കറ്റിലും നിലവിൽ ഏറ്റവും കൂടുതൽ റൺസ് നേടിയിട്ടുള്ള കളിക്കാരനാണ് ഇദ്ദേഹം 2011-ൽ സച്ചിൻ ലോകകപ്പിൽ രണ്ടായിരം റൺസെടുക്കുന്ന ആദ്യ ബാറ്റ്സ്മാനായി 463 ഏകദിന മത്സരങ്ങളിലായി 18426 റൺസ് ഇദ്ദേഹം നേടിയിട്ടുണ്ട്.



by,

അമൽജിത്ത് എം എസ്

മഴവില്ല്

# പണിപ്പുരയിൽ



ആൽവിൻ മൈക്കിൾ



അമൽജിത്ത് എം.എസ്



ശിവാനി പ്രകാശ്



അരുണിമ ഷാബു



കൃഷ്ണപ്രിയ എസ്



ദുർഗ്ഗപ്രസാദ് എം



നിധിൻ ശ്യാം



അക്ഷയ് അനിൽ

**കൈറ്റ് മാസ്റ്റർ** : തോമസ് ലൂക്കോസ്

**കൈറ്റ് മിസ്ട്രസ്** : **ഗ്രേസി കുരിയാക്കോസ്**

School Code 45028 St.Thomas HS Kallara